പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5072** **15/11/2019-ൽ മറുപടിയ്ക്ക്**

# പൈനാപ്പിൾ കൃഷിക്ക് വിലസ്ഥിരതയും സബ്സിഡിയും ഉറപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) പൈനാപ്പിളിന്റെ വിലസ്ഥിരത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) എറണാകുളം ജില്ലാ ഹോർട്ടികോർപ്പ് സംഭരണകേന്ദ്രം മുഖേന പൈനാപ്പിൾ വിലയിടിവുണ്ടാകുന്ന സീസണിൽ മൂവാറ്റുപുഴ - വാഴക്കുളം പൈനാപ്പിൾ ഫാർമേഴ്സ് അസോസിയേഷനുമായി സഹകരിച്ച് പൈനാപ്പിൾ സംഭരിച്ച് മറ്റിതര ജില്ലകളിലെ സംഭരണ കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്യുന്ന നടപടി സ്വീകരിക്കുന്നുണ്ട്. കഴിഞ്ഞ സീസണിൽ പൈനാപ്പിളിന്റെ വില 15/- രൂപയിൽ താഴെയായിരുന്നപ്പോൾ 17/- രൂപ കിലോഗ്രാമിന് സ്ഥിരവില നൽകി 110 ടൺ വാഴക്കുളത്ത് നിന്നും സംഭരിച്ചിട്ടുണ്ട്.<br><br>2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പൈനാപ്പിൾ വിലതകർച്ച നേരിട്ടപ്പോൾ കൃഷി വകുപ്പ് വാഴക്കുളത്തെ പൈനാപ്പിൾ കർഷകരുമായി ചർച്ച നടത്തുകയും ഹോർട്ടികോർപ്പിന്റെ നേതൃത്വത്തിൽ മാർക്കറ്റ് വിലയേക്കാൾ അധിക വില നൽകി സംഭരിച്ച് വിപണനം നടത്തുകയുണ്ടായി. 2018-19 സാമ്പത്തിക വർഷത്തിലും പൈനാപ്പിളിന്റെ അധിക ഉത്പാദന സീസണിൽ ഹോർട്ടികോർപ്പ് സമയോചിതമായി വിപണിയിടപെടൽ നടത്തിയിട്ടുണ്ട്.<br><br>വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതിയിൽ അംഗങ്ങളായ കർഷകർക്ക് വില താഴുന്ന അവസരങ്ങളിൽ ന്യായവില ലഭ്യമാക്കുന്നതിനുള്ള "റിസ്ക് ഫണ്ട്" പദ്ധതിയിൽ പൈനാപ്പിൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പൈനാപ്പിൾ അധികമായി ഉത്പാദിപ്പിക്കുന്ന അവസരത്തിൽ മറ്റു മാർക്കറ്റുകളിലേയ്ക്ക് കൊണ്ടുപോയി വിപണനം നടത്തുന്നതിനുള്ള "മാർക്കറ്റ് ഇന്റർവെൻഷൻ" പദ്ധതിയും വി.എഫ്.പി.സി.കെ മുഖാന്തിരം നടപ്പിലാക്കിയിട്ടുണ്ട്. വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക വിപണികൾ വഴി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കിലോയ്ക്ക് ഒരു രൂപ ധനസഹായം നൽകുന്ന മാർക്കറ്റിംഗ് "സേയിൽസ് പ്രൊമോഷൻ ഇൻസെന്റീവ്" പദ്ധതിയിലും പൈനാപ്പിൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സർക്കാർ നിർദ്ദേശമനുസരിച്ച് 2018 മേയ്, ജൂൺ കാലയളവിൽ വി.എ.എഫ്.പി.സി.എൽ താങ്ങുവില നൽകി 133 ടൺ പൈനാപ്പിൾ സംഭരിച്ചു., അതിൽ 82 |

ടൺ കമ്പനി ഉപയോഗിക്കുകയും, 51 ടൺ പൈനാപ്പിൾ ഹോർട്ടികോർപ്പിന് നൽകുകയും ചെയ്തിട്ടുണ്ട്. 2019, ജനുവരി മാസത്തിൽ ഹോർട്ടികോർപ്പ്, വി.എ.എഫ്.പി.സി-യിൽ നിന്നും നേരിട്ട് പൈനാപ്പിൾ സംഭരണം നടത്തുകയുണ്ടായി.

**ബി)** സർക്കാർ ഏജൻസികളിലൂടെ സംഭരിക്കുന്ന പൈനാപ്പിളിന്റെ തോത് നിലവിൽ അപര്യാപ്തമായതിനാൽ പ്രസ്തുത സംഭരണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ ;

**ബി)** ഈ സീസണിൽ വിലയിടിവ് നേരിട്ടിരുന്ന പൈനാപ്പിൾ, വിപണനവില മെച്ചപ്പെട്ട് കിലോഗ്രാമിന് 23/- രൂപയായിട്ടുണ്ട്. വാഴക്കുളം കർഷക സൊസൈറ്റിയിൽ നിന്നും നൽകുന്ന ലിസ്റ്റ് പ്രകാരം പൈനാപ്പിളിന് വിലയിടിവുണ്ടായാൽ സംഭരിക്കുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് എറണാകുളം സംഭരണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന പൈനാപ്പിൾ പൂർണ്ണമായി വിറ്റഴിക്കുന്നതിന് നിലവിൽ കർഷകരുടേതായ സംവിധാനങ്ങൾ ഉണ്ട്. എന്നാൽ അധിക ഉത്പാദന സീസണുകളിൽ സർക്കാർ തലത്തിൽ വിപണിയിടപെടൽ ആവശ്യമായി വരുന്ന ഘട്ടത്തിൽ വില തകർച്ച ഒഴിവാക്കുന്നതിനായി സർക്കാർ നിർദ്ദേശത്തിന് വിധേയമായി വിപണിയിടപെടൽ നടത്തുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചുവരുന്നു.

**സി)** പൈനാപ്പിൾ കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനായി പൈനാപ്പിൾ ഉൽപ്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ ?

**സി)** പൈനാപ്പിളിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള മുഖേന വിളവിസ്തൃതി വ്യാപനം നടപ്പിലാക്കുന്നു. ടി പദ്ധതി ഘടകം മുഖേന പൈനാപ്പിൾ നടീൽ വസ്തുക്കളുടെ സംഭരണത്തിനും സംയോജിത വളപ്രയോഗം, കീടരോഗ ബാധ നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ അവലംബിക്കുന്നതിനും ഹെക്ടറൊന്നിന് 26250/- രൂപ ധനസഹായം നൽകുന്നു.

ഇപ്രകാരം 1075 Ha വിളവിസ്തൃതി വ്യാപനം നടപ്പിലാക്കി Rs.2.82 കോടി രൂപയോളം എറണാകുളം ജില്ലയിലെ പൈനാപ്പിൾ കർഷകർക്ക് 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**